(ഇ) 2007-08 വർഷം മുതലാണ് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പാക്കി വരുന്നത്. ആദ്യ വർഷത്തിൽ 10 ഐ.ടി.ഐ.-കളിലും 2009-10 വർഷത്തിൽ 14 ഐ.ടി.ഐ.-കളിലുമായിട്ടാണ് ടി പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ 1232 പേർ ഫിനിഷിംഗ് സ്കൂളുകളിൽ പരിശീലനം നേടിയിട്ടുണ്ട്. ആധുനിക തൊഴിൽ സാഹചര്യങ്ങളെ നേരിടുന്നതിനുതകുന്ന വിധത്തിലുള്ള പരിശീലന പരിപാടിയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് മികച്ച പ്ലേസ്മെന്റ് ലഭിക്കുന്നതിന് ടി പദ്ധതി വഴി സഹായിച്ചിട്ടുണ്ട്.

പ്രത്യക്ഷ നികുതി ബില്ലും സഹകരണ മേഖലയും

19(*139) ശ്രീ. എം. എം. മോനായി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള പ്രത്യക്ഷ നികുതി ബിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ മേഖലയ്ക്ക് ആദായ നികുതി ചട്ടം ബാധകമാക്കുന്നതോടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ മുപ്പത് ശതമാനം വരെ ആദായ നികുതി നൽകേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ സംഘങ്ങൾ നൽകുന്ന ഏതെല്ലാം വായ്പകൾക്ക് പ്രസ്തുത ബില്ലിൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത നിയമ നിർമ്മാണം സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള പ്രത്യക്ഷ നികുതി ബിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്നതാണ്. പ്രത്യക്ഷ നികുതിബിൽ പ്രകാരം ആദായ നികുതി നൽകേണ്ടവരുടെ പട്ടികയിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും ജീവനക്കാരുടെ വായ്പാ സംഘങ്ങളും ഉൾപ്പെടെ കേരളത്തിലെ മുഴുവൻ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും 2012 ഏപ്രിൽ 1 മുതലുള്ള സാമ്പത്തിക വർഷം ആദായ നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാകുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘത്തിന്റെ നിർവ്വചനത്തിൽ പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യവും പ്രവർത്തനവും അതിലെ അംഗങ്ങൾക്ക് കാർഷിക ആവശ്യത്തിന് സാമ്പത്തിക സഹായം നൽകലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കിൽ പരിമിതപ്പെടുത്തിയിരിക്കണമെന്നും അവയുടെ പ്രവർത്തനം കാർഷിക ആവശ്യങ്ങൾക്കും ഗ്രാമവികസന ആവശ്യങ്ങൾക്കും ദീർഘകാല വായ്പ നൽകുന്നതായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ പ്രാഥമിക സഹകരണ സംഘം എന്ന നിർവ്വചനത്തിൽ അതിലെ അംഗങ്ങളുടെ വോട്ടവകാശം കാർഷികവും കാർഷിക അനുബന്ധ പ്രവർത്തികളും ചെയ്യുന്ന അംഗങ്ങൾക്ക് മാത്രമായി നിയമാവലിയിൽ പരിമിതപ്പെടുത്തിയിട്ടുള്ള സംഘങ്ങൾ എന്നും നിഷ്കർഷിക്കുന്നു. ഇക്കാരണങ്ങളാൽ കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ/ബാങ്കുകൾക്ക് പ്രത്യക്ഷ നികുതി ബില്ലിലെ വ്യവസ്ഥകൾ ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) പ്രത്യക്ഷ നികുതി ബിൽ നടപ്പിലാക്കുന്നതോടെ ആദായനികുതി നിയമത്തിലെ 80(പി) വകുപ്പ് അനുസരിച്ച് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുവദിച്ചിരുന്ന ആദായ നികുതി ഇളവ് ഇല്ലാതാക്കുകയും അടുത്ത വർഷം മുതൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും എംപ്ലോയീസ് സഹകരണ സംഘങ്ങളും ഉൾപ്പെടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ആദായ നികുതി നൽകേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, കൃഷി അനുബന്ധ ആവശ്യങ്ങൾക്ക് നൽകുന്ന വായ്പകളിലെ വരുമാനത്തിന് പൂർണ്ണമായും ആദായ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. കാർഷികേതര മേഖലയിലെ പ്രവർത്തനങ്ങൾക്കായി നൽകുന്ന വായ്പയിലെ വരുമാനത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മേലുള്ള തുകയാണ് ആദായ നികുതി വിധേയമാക്കിയിരിക്കുന്നത്. അംഗങ്ങൾക്ക് കാർഷികോപകരണങ്ങൾ, വിത്ത്, വളർത്തുമൃഗങ്ങൾ വാങ്ങുന്നതിനായി നൽകിയിട്ടുള്ള വായ്പകൾ, കാർഷിക കോൽപ്പാദനത്തിനും കന്നുകാലി പരിപാലനം, കോഴി വളർത്തൽ എന്നിവയ്ക്ക് നൽകിയിട്ടുള്ള വായ്പകൾ മത്സ്യബന്ധനം, സംസ്കരണം, വിപണനം എന്നിവയ്ക്കും അതിലേക്ക് ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുവാനും അംഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പകൾക്കും നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും, കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാനത്തു നിന്നുള്ള എം.പി.-മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly